## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5961** **19.11.2019 ൽ മറുപടിയ്ക്ക്**

## സോളാർ റൂഫ് ടോപ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) | |
| (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി പ്രകാരം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | പുനരുപയോഗ ഊർജ്ജം നഗരത്തിന്റെ പ്രധാന ഊർജ്ജ സ്രോതസ്സായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി തിരുവനന്തപുരം, കൊച്ചി നഗരസഭകളാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനിൽ 600 കിലോ വാട്ടും കൊച്ചി കോർപ്പറേഷനിൽ 1000 കിലോവാട്ട് ശേഷി വരുന്ന സോളാർ റൂഫ് ടോപ് പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br><br>കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകളുടെ ശേഷി അനുസരിച്ച് കെട്ടിടങ്ങൾ സോളാർ ഉപയോഗിച്ച് മാത്രമായി പ്രവർത്തിപ്പിക്കാനും മിച്ച ഊർജ്ജം ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യാനും കഴിയും. ഊർജ്ജ ഉത്പാദന കേന്ദ്രമെന്ന നിലയിൽ വരുമാനം നേടാൻ ഈ കെട്ടിടങ്ങളെ സോളാർ പ്രോജക്ട് സഹായിക്കുന്നു. താപവൈദ്യുത നിലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഊർജ്ജ ഉത്പാദനം മൂലം പ്രതിദിനം കാർബൺ ഉത്പാദനം 3 ടൺ കുറയ്ക്കുവാൻ കഴിയും. 40 കിലോവാട്ട് ശേഷിയുള്ള ഫയർ സ്റ്റേഷൻ സൈറ്റ് അടുത്തിടെ കൊച്ചിയിൽ കമ്മീഷൻ ചെയ്തു. ഇത് സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന മിച്ച ഊർജ്ജം കയറ്റുമതിചെയ്യുന്ന കേരളത്തിലെ ആദ്യത്തെ അഗ്നിശമന കേന്ദ്രമാണ്. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്; | (ബി) | തിരുവനന്തപുരം നഗരസഭയിൽ കേരള നിയമസഭ, കേരള യൂണിവേഴ്സിറ്റി ലൈബ്രറി, ഗവൺമെന്റ് കോളേജ് ഫോർ വിമൺ വഴുതയ്ക്കാട്, സെൻട്രൽ സ്റ്റേറ്റ് ലൈബ്രറി, ഗവൺമെന്റ് സെൻട്രൽ സ്കൂൾ, അട്ടക്കുളങ്ങര എന്നീ അഞ്ച് ലൊക്കേഷനുകളിലാണ് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സാധ്യതാ പഠനങ്ങൾക്കുശേഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട 28 സർക്കാർ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ **മേൽക്കൂരകളിലാണ്** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. സൈറ്റ് വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതി വീടുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല . |

**സെക്ഷൻ ഓഫീസർ**

# Annexure-1
# Details of Solar Roof Top Plants

| Sl.No. | Consumer Name | Solar Plant Capacity (KWp) | |
|---|---|---|---|
| 1 | Fire Station Gandhi Nagar | 40 | |
| 2 | General Hospital, Ernakulam | 70 | |
| 3 | Sub-court | 40 | |
| 4 | Town Hall, Ernakulam | 80 | |
| 5 | Central Section office | 20 | |
| 6 | Govt Ayurveda Hospital Kacheripady | 15 | |
| 7 | Govt Hospital Fort Kochi | 30 | |
| 8 | Girls Higher Secondary School, Panampilly Nagar | 25 | |
| 9 | Government Girl HSS, Ernakulam South | 30 | |
| 10 | Old age home Thevara | 20 | |
| 11 | Town Hall, Palluruthy | 20 | |
| 12 | Vennala High School | 40 | |
| 13 | PWD Rest House, Park Avenue Road. | 60 | |
| 14 | Punnakkal High School | 40 | |

# Details of Solar Roof Top Plants

| Sl.No. | Consumer Name | Solar Plant Capacity (KWp) | |
|---|---|---|---|
| 15 | Government Hospital, Karuvelipady | 40 | |
| 16 | Edakochi Government Higher Secondary School. | 25 | |
| 17 | Edakochi Government Higher Secondary School. | 20 | |
| 18 | Edappally High School | 35 | |
| 19 | Palluruthy Hospital | 70 | |
| 20 | Perumbotta Building | 30 | |
| 21 | Paramara Building | 60 | |
| 22 | AGIS Office | 20 | |
| 23 | Excise Building | 40 | |
| 24 | Kunummpuram School | 20 | |
| 25 | Kunummpuram School | 20 | |
| 26 | Maharajas boys hostal | 50 | |
| 27 | Maharajas college 1 | 20 | |
| 28 | Corporation office, ernakulam | 20 | |

സെക്ഷൻ ഓഫീസർ